E 3006 (Pages : 3) Reg. No.....

Name.....

B.Sc. DEGREE (C.B.C.S.S.) EXAMINATION, APRIL 2012

Second Semester

Additional Language—Malayalam

ഗദ്യം, രചന

(For Model II B.Sc. Programmes)

Time : Three Hours Maximum Weight : 25

നിർദ്ദേശങ്ങൾ :

എ വിഭാഗത്തിലെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാലു ഹ്രസ്വോത്തര ചോദ്യങ്ങ ളടങ്ങിയ നാലു ഖണ്ഡങ്ങളാണ് എ വിഭാഗത്തിലുള്ളത്. ബി വിഭാഗത്തിൽ നിന്ന് **അഞ്ചും**, സി വിഭാഗത്തിൽ നിന്ന് **നാലും**, ഡി വിഭാഗത്തിൽ നിന്ന് **രണ്ടും** ചോദ്യങ്ങൾക്കുത്തരമെഴുതണം.

എ വിഭാഗം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക :

1 സാധുജന പരിപാലന സംഘം സ്ഥാപിച്ചതാര് ?

(ശ്രീനരായണഗുരു, അയ്യങ്കാളി, ഗോപാലദാസ്, സഹോദരൻ അയ്യപ്പൻ)

2 "ഒരിരുപത്തെട്ടുകാരിയായ അന്തർജനം അര നൂറ്റാണ്ടു മുമ്പ് അങ്ങനെയൊരു കഥയെഴുതുക അതിന് അസാമാന്യ ധീരത വേണം "—ഏത് കഥയെക്കുറിച്ചാണിതു പറയുന്നത് ?

(പ്രതികാരദേവത, വിധിബലം, പ്രതിധ്വനി, കുറ്റസമ്മതം)

3 ന്യൂനപക്ഷ സമുദായങ്ങൾക്ക് പ്രത്യേകം പ്രാതിനിധ്യം കൊടുക്കുന്ന ഫുർപ്പാട് തുടങ്ങി വെച്ചതാര് ?

(ഇന്ത്യക്കാർ, ബ്രിട്ടീഷുകാർ, പാക്കിസ്ഥാൻകാർ, അമേരിക്കക്കാർ)

4 ഇപ്പോഴുണ്ടാകുന്ന ക്ലോറോ ഫ്ലൂറോ കാർബണുകളുടെ 93 ശതമാനവും ആരുടെ സംഭാവനയാണ് ?

(വികസ്വര രാജ്യങ്ങളുടെ, ദരിദ്ര രാജ്യങ്ങളുടെ, വികസിത രാജ്യങ്ങളുടെ, അവികസിത രാജ്യങ്ങളുടെ)

II. ഒരു വാക്യത്തിൽ ഉത്തരമെഴുതുക :

5 വഴി തെറ്റിപ്പോയ ആഢ്യകുടുംബിനിയുടെ കഥയായി മാധവിക്കുട്ടിയുടെ ഏതു കൃതിയെയാണ് മലയാളികൾ വിലയിരുത്തിയിട്ടുള്ളത് ?

6 "ഇവിടെ ഗംഗയുടെ തീരത്ത് ഇങ്ങനെയൊന്നും ഉണ്ടാകാൻ പാടില്ല. ഉണ്ടായാൽത്തന്നെ വാരാണസി ക്കാരെ അതൊന്നും ബാധിക്കുകയില്ല "—ആരാണിങ്ങനെ പറഞ്ഞത് ?

7 ഏതുദേവനുമായി ബന്ധപ്പെട്ടിട്ടുള്ള ഉത്സവാഘോഷങ്ങളുടെ ഭാഗമായാണ് യവനദേശത്തെ നാടകചരിത്രം ആരംഭിക്കുന്നത് ?

8 ഹരിശ്ചന്ദ്രയിലെ 'ആത്മവിദ്യാലയമേ' എന്ന ഗാനം രചിച്ചതാര് ?

Turn over

III. പദശുദ്ധി വരുത്തുക :

9 ദാരിദ്രം.

10 വിമ്മിഷ്ടം.

11 സാമ്രാട്ട്.

12 സാധാരണയായി.

ചേരുംപടി ചേർക്കുക :

IV. 13 ആശാൻ ——————— : ——————— മഗ്ദലനമറിയം.

(a) ചണ്ഡാലഭിക്ഷുകി. (b) കരുണ.

(c) വീണപൂവ് (d) നളിനി.

1 വള്ളത്തോൾ. 2 ആശാൻ.

3 ഉള്ളൂർ. 4 നാലാപ്പാട്ട് നാരായണമേനോൻ.

14 ചിഹ്നം ചേർക്കുക :

അലങ്കാരം രണ്ടു തരമുണ്ട്. ശബ്ദാലങ്കാരം, അർത്ഥാലങ്കാരം.

വാക്യഘടനയിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക :

15 കുറഞ്ഞത് നൂറു രൂപയെങ്കിലും തരണം.

16 ഇന്നലെ മുതൽ പെയ്തു തുടങ്ങിയ മഴ ഇപ്പോഴും തുടരുകയാണ്.

$(4 \times 1 = 4)$

ബി വിഭാഗം

ചോദ്യം 17 ഉൾപ്പടെ ഏതെങ്കിലും **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

17 **മലയാളത്തിലേക്ക്** പരിഭാഷപ്പെടുത്തുക :

Revathi Pattathanam, an annual cultural event that brings back memories of the meeting of scholars held during the reign of the Zamorins, will be celebrated here on Friday. The function, to be held at Tali Mahadeva Temple, is held on "Revathi" star of Malayalam month. The inaugural function will be followed by 'Vakyartha sadas' 'sama veda samhitha' and akshara sloka contest featuring scholars.

18 **മൂന്നിലൊന്നായി** സംഗ്രഹിക്കുക :

നവരസങ്ങളിലൊന്നാണ് ഹാസ്യം. ഹസിപ്പിക്കുന്നത്-അതായത് ചിരിപ്പിക്കുന്നതാണ് ഹാസ്യം. എന്നാൽ എങ്ങനെയാണ് ചിരി വരുന്നതെന്ന് പറയാൻ പ്രയാസമാണ്. അതുകൊണ്ട് ഹാസ്യത്തെ നിർവചിക്കാൻ ശ്രമിക്കുന്നത് ജീവിതത്തെ നിർവ്വചിക്കാനുദ്യമിക്കുന്നതു പോലെ ക്ലേശകരമാണ്. ഇക്കാര്യം വിവരിക്കുന്നതാണ് എം.പി. പോളിന്റെ ലേഖനം.

ഒരു തരം ഇക്കിളിയാണ് ചിരിക്കു കാരണം എന്നു പറയുന്നു. ഒരു വാതകത്തിന് (ലാഫിങ് ഗ്യാസ്) ആളുകളെ ചിരിപ്പിക്കാനുള്ള കഴിവുണ്ടെന്നിരിക്കെ ശരീരത്തിന്റെ ഇക്കിളി എന്നു പറയുന്നതിൽ കാര്യമില്ല. വേണമെങ്കിൽ മനസ്സിന്റെ ഇക്കളിയെന്ന് ആശയം വിപുലീകരിച്ചാൽ ശരിയായേക്കാം. ഏതെങ്കിലും വിധത്തിലുള്ള അധഃപതനമാണ് ഹാസ്യകാരണമെന്ന് അരിസ്റ്റോട്ടിൽ പറയുന്നു. പഴത്തൊലി ചവിട്ടി വീണു കിടക്കുന്നവനെക്കണ്ടാൽ ചിരിക്കുന്നത് പതനം കാരണമാണെന്ന് പറയാം. പക്ഷേ വാഹനം ദേഹത്തു തട്ടാതെ ചാടി മാറുന്നവനെക്കണ്ടാൽ ചിരിക്കുന്നിടത്ത് അക്ഷരാർത്ഥത്തിലുള്ള പതനമില്ലല്ലോ. സ്ഥായിയായ ഒരു വൈകൃതത്തെ പെരുപ്പിച്ചു കാട്ടിയാൽ ചിരി വരുമെന്നു പറയുന്നവർ കാർട്ടൂണുകളെ കൂട്ടു പിടിക്കാറുണ്ട്.

19 ഭാഷ ആകർഷകമാക്കുക :

സ്ത്രീപക്ഷ രചന തുടങ്ങിയ ആശയങ്ങൾ ഇക്കാലത്തിന്റെ സൃഷ്ടികളാണ്. പതിനെട്ടാം നൂറ്റാണ്ടിലോ പത്തൊമ്പതാം നൂറ്റാണ്ടിലോ എഴുതപ്പെട്ട ചില കൃതികൾ സ്ത്രീപക്ഷത്തു നില്ക്കുന്നുവെന്ന കണ്ടെത്തൽ കൊണ്ട് ഇപ്പോൾ പ്രാധാന്യത്തിലേക്ക് വരുന്നുണ്ട്. മനഃശാസ്ത്രപഠനം ഒട്ടേറെ കൃതികളെ സ്വാധീനിക്കുന്നു. താരതമ്യനിരൂപണം മലയാളത്തിൽ ഒരു സ്വാധീനമാക്കപ്പെട്ടിട്ടുണ്ടോ. രണ്ടു തരത്തിൽ ഉണ്ടാകുന്നുവെന്നാണ് ഉത്തരം.

20 "അല്പന്മാരായ നാം ഇരന്നു വാങ്ങിയ കുട അർദ്ധരാത്രിക്കു നിവർത്തിപ്പിടിച്ച് അങ്ങ് നടക്കുകയാണ് " —പ്രതിപാദ്യമെന്ത് ?

21 തിരുനയിനാർകുറിച്ചിയുടെ വരികൾ അദ്ദേഹത്തിന്റെ ആത്മകഥയിലെ അവസാന വരി പോലെയായി എന്നു പറയാൻ കാരണമെന്ത് ?

22 "അമ്മയാകാൻ ഭാഗ്യമില്ലാത്ത സ്ത്രീയുടെ അപൂർണതയാണ് അഗ്നിസാക്ഷിയെന്ന നോവലിൽ എരിയുന്ന അഗ്നി "—വിശദീകരിക്കുക.

23 നാട്യശാസ്ത്രമെന്ന കൃതിയുടെ മഹത്ത്വമെന്ത് ?

24 "എന്റെ മുഖമടച്ച് ഒരടി കൊണ്ടപോലെ

ഞാനവിടെ നിന്നു പോയി മക്കളേ"

—സന്ദർഭമെത് ? വിശദമാക്കുക.

(5 × 1 = 5)

സി വിഭാഗം

താഴെ പറയുന്നവയിൽ ഏതെങ്കിലും **നാലെണ്ണത്തിന്** ഒരു പേജിൽ (100 വാക്ക്) ഉത്തരമെഴുതുക.

25 "ഇവരെ നോവിച്ചാൽ കൈപൊള്ളും

അക്കളി തീക്കളിയെന്ന് തെളിയും"

—അവരെ നോവിച്ചാൽ ? വിശദീകരിക്കുക.

26 അന്യജോദ്ധാരണ സംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് വിവരിക്കുക.

27 "കപടസദാചാരത്തിനെതിരെ " എന്നൊരു ദിശ മാത്രം ആ പ്രവർത്തനത്തിന് കല്പിച്ചു നൽകുന്നത് ക്രൂരമായ വെട്ടിച്ചുരുക്കലായിരിക്കും "—വിവക്ഷിതമെന്ത് ? വിശകലനം ചെയ്യുക.

28 "സീൽക്കാരത്തിൽപ്പോലും മരണത്തിന്റെ പരാഗം വഹിക്കുന്ന സർപ്പങ്ങളെ കൈകാര്യം ചെയ്യുന്ന ഈ വൈദ്യവൃത്തിനു മാത്രമായി കാരൂർ എന്നും വാഴ്ത്തപ്പെടുമെന്ന് എനിക്കു തോന്നുന്നു " —ആരാണിങ്ങനെ പറഞ്ഞത് ? വിശദീകരിക്കുക.

29 ഇ-കൊമേഴ്സ് രംഗത്തെ മാതൃകകളേവ ?

30 സാർവജനിക വിവരവിനിമയ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെന്ത് ?

(4 × 2 = 8)

ഡി വിഭാഗം

ഏതെങ്കിലും **രണ്ടെണ്ണത്തിന്** നാലു പുറത്തിൽ ഉത്തരമെഴുതുക.

31 "വാരാണസി അന്നും ഇന്നും മധ്യമാർഗ്ഗത്തിന്റെ പാഠം ഉരുവിടുന്നു "—സമർത്ഥിക്കുക.

32 ഉപഭോഗ സംസ്കാരവും പരിസ്ഥിതിയും.

33 അനുവാചക മനസ്സിന്റെ അകത്തളങ്ങളിൽ അച്ഛനെ ഒരിക്കൽ കൂടി പിടിച്ചിരുത്തുകയാണ് ബി. സരസ്വതി എന്ന മകളുടെ തൂലിക—വിശദീകരിക്കുക.

(2 × 4 = 8)